## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *419 — 26.06.2014 ൽ മറുപടിക്ക്

### പുതിയ താലൂക്കുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മാത്യു റ്റി. തോമസ്<br>,, ജോസ് തെറ്റയിൽ<br>,, സി.കെ. നാണു<br>ശ്രീമതി ജമീലാ പ്രകാശം | ശ്രീ. അടൂർ പ്രകാശ്<br>(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) പുതിയ താലൂക്കുകൾ അനുവദിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്താണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) നിയമസഭാ മണ്ഡലങ്ങൾ പുന:സംഘടിപ്പിക്കപ്പെട്ടതിനെ തുടർന്നുണ്ടായ സാഹചര്യങ്ങളും ഭരണപരമായ സൗകര്യങ്ങളും കൂടി കണക്കിലെടുത്താണ് പുതിയ താലൂക്കുകൾ രൂപീകരിച്ചിട്ടുള്ളത് |
| (ബി) പുതിയ താലൂക്കുകളുടെ അതിർത്തി നിർണ്ണയം നടത്തി കഴിഞ്ഞിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) അത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാ ക്കാമോ? | (സി) ഉണ്ട്. പരാതിയുടെ വിവരം താലൂക്ക് അടിസ്ഥാനത്തിൽ താഴെ ചേർക്കുന്നു.<br>1. വെള്ളരിക്കുണ്ട് താലൂക്ക് – കല്ലാർ, പനത്തടി എന്നീ വില്ലേജ് വെള്ളരിക്കുണ്ട് താലൂക്കിൽ ഉൾപ്പെടുത്തുന്നതിനെതിരെ WP(C) 30982/13-ാം നമ്പരായി ഒരു റിട്ട് പെറ്റീഷൻ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ശ്രീ.കെ.കെ.അശോകൻ സമർപ്പിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച ഉത്തരവ് ഒന്നും ലഭിച്ചിട്ടില്ല. കൂടാതെ കല്ലാർ, പനത്തടി ഗ്രാമപഞ്ചായത്തുകളെ വെള്ളരിക്കുണ്ട് താലൂക്കിൽ ഉൾപ്പെടുത്താതെ ഹോസ്ദുർഗ്ഗ് താലൂക്കിൽ തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ പരാതി ഉന്നയിച്ചിട്ടുണ്ട്. |

2. ഇരിട്ടി താലൂക്ക്:- കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിലെ ഇരിട്ടി ബ്ലോക്കിലെ കീഴല്ലൂർ ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ഇരിട്ടി താലൂക്കിൽ ഉൾപ്പെടുത്തണമെന്നത് സംബന്ധിച്ച് ശ്രീ.സണ്ണി ജോസഫ് എംഎൽ.എ സമർപ്പിച്ച പരാതി നൽകിയിട്ടുണ്ട്. കൂടാളി, കീഴല്ലൂർ എന്നീ ഗ്രാമ പഞ്ചായത്തുകളെ കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിൽ ഉൾപ്പെടുത്തണമെന്നത് സംബ ന്ധിച്ച് ശ്രീ. ഇ. പി. ജയരാജൻ, എം.എൽ.എ യും പരാതി നൽകിയിട്ടുണ്ട്.

3).പട്ടാമ്പി താലൂക്ക് - നെല്ലായ വില്ലേജിനെ പട്ടാമ്പി താലൂക്കിൽ ഉൾപ്പെടുത്ത ണമെന്ന് സംബന്ധിച്ച് ലഭിച്ച പരാതിയിന്മേലുളള റിപ്പോർട്ട് ലഭിച്ചിട്ടില്ല.

4) കാട്ടാക്കട താലൂക്ക് - വെള്ളനാട് വില്ലേജിനെ കാട്ടാക്കട താലൂക്കിൽ നിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് പരാതിയുണ്ട്.

5)കോന്നി താലൂക്ക് - വള്ളിക്കോട് വില്ലേജിനെ പ ുതുതായി രൂ പീകരിച്ച കോന്നി താലൂക്കിൽ ഉൾപ്പെടുത്തിയതിനെതിരെ ശ്രീ.ആർ. മോഹനൻ നായർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C) 2606/14-ാം നമ്പരായി റിട്ട് ഹർജി ഫയൽ ചെയ്തിരിക്കുകയാണ്. ടി വിഷയത്തിൽ കോടതി ഉത്തരവുകളൊന്നും ലഭിച്ചിട്ടില്ല. പ ുതുതായി രൂ പീകരിച്ച കോന്നി താലൂക്കിൽ ഉൾപ്പെട്ട മൈലപ്ര വില്ലേ ജിനെ കോഴഞ്ചേരി താലൂക്കിൽ തന്നെ നിലനിർത്തണമെന്ന ആവശ്യം സംബന്ധിച്ചും പരാതിയുണ്ട്.കോന്നിതാലൂക്കിൽമലയാലപ്പുഴ വില്ലേജിനെ ഉ ൾപ്പെടുത്തരുത് എന്നും കോഴഞ്ചേരി താലൂക്കിൽ തന്നെ നിലനിർത്തണമെന്നു മുള്ള ആവശ്യം നിലവിലുണ്ട്.

6) പുനലൂർ താലൂക്ക് - പത്തുപറ പ്രദേശത്തെ പ ുനലൂർ താലൂക്കിൽ ഉൾപ്പെടുത്തണമെന്ന പരാതി നിലവിലുണ്ട്.

*7.) താമരശ്ശേരി താലൂക്ക്:-* താമരശ്ശേരി താലൂക്കിൽ കക്കാട്, കുമാരനെല്ലൂർ, കൊടിയത്തൂർ, തഴക്കോട്, നീലേശ്വരം എന്നീ വില്ലേജുകളെ ഉൾപ്പെടുത്തിയിട്ടില്ല എന്ന പരാതിയിന്മേലുള്ളറിപ്പോർട്ട് ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ